മാതൃഭൂമി

Seed

FEDERAL BANK

പ്രസിദ്ധീകരണം

ആകാശപ്പച്ച

പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ

10

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 18 MARCH 2023

ആകാശപ്പച്ച

CONTENTS

എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ

കൃഷിക്കാര്യം

പൂവറിവ്

വർണച്ചിറക്

കഥ - കവിത

Cover photo: Shutterstock

100

മാതൃഭൂമിയുടെ നൂറാംവാർഷികം ആഘോഷിക്കുന്ന വേളയിൽ പുറത്തിറങ്ങുന്നു എന്നതാണ് ഈ ലക്കത്തിന്റെ പ്രത്യേകത. പ്രകൃതിസംരക്ഷണത്തിനായി ഉറച്ച നിലപാടെടുത്ത മാതൃഭൂമി എല്ലാ കാലത്തും അതിനൊപ്പം നിന്നു. സൈലന്റ്‌വാലിയിലും പ്ലാച്ചിമടയിലും എല്ലാം മാതൃഭൂമി മുന്നിലുണ്ടായിരുന്നു. ചെറുതും വലുതുമായ നൂറുകണക്കിന് പരിസ്ഥിതി പ്രശ്നങ്ങളിൽ ഇപ്പോഴും മാതൃഭൂമിയുടെ ഇടപെടലുകൾ തുടരുകയും ചെയ്യുന്നു. നൂറാംവർഷത്തിലും നമുക്ക് ഒരുമിച്ച് മുന്നേറാം, പ്രകൃതിക്കൊപ്പം... നല്ല ജീവിതത്തിനൊപ്പം...

Seed
FEDERAL BANK

എഡിറ്റോറിയൽ

നൂറിന് നൂറ് മരങ്ങൾ

വികസനത്തിൽനിന്ന് മാറിനിൽക്കാൻ മനുഷ്യസമൂഹത്തിന് കഴിയില്ല. എന്നാൽ വികസനത്തിനായി നമ്മൾ കുറെയധികം പ്രകൃതിനാശവും വരുത്തുന്നുണ്ട്. പ്രകൃതിസംരക്ഷണത്തിനുകൂടി ശ്രദ്ധയും കരുതലും നൽകിയാൽ വരാനിരിക്കുന്ന അപകടങ്ങൾ കുറെയൊക്കെ കുറയ്ക്കാൻ നമുക്കാവും. മാതൃഭൂമിയുടെ നൂറാംവർഷത്തിന്റെ അടയാളമായി ഓരോ സീഡ് സ്കൂളുകളും നൂറ് വൃക്ഷത്തൈകൾ നട്ടുവളർത്തിയാൽ അത് അടുത്ത നൂറുവർഷത്തെ നല്ല ജീവിതത്തിനായുള്ള സുരക്ഷിത നിക്ഷേപമായിരിക്കുമെന്നുറപ്പ്. ദീർഘകാലം വളരുന്ന നാട്ടുമരങ്ങൾ നടുന്നതാണ് ഉചിതം. ആകാശം മറയുന്ന വിധത്തിൽ പച്ചപ്പ് ഒരുക്കുന്നതിലേക്കുള്ള പുതിയൊരു കാൽവയ്പിനായി ഈ അവസരം നമുക്ക് ഉപയോഗപ്പെടുത്താം.

ആമസോൺ നദി

തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ നദിയാണ് ആമസോൺ. ലോകത്തിലെ ഏറ്റവും വലിയ നീർത്തടവ്യവസ്ഥയുള്ളത് ആമസോണിലാണ്. വലുപ്പം കാരണം ആമസോണിനെ കടൽനദി എന്നും വിളിക്കാറുണ്ട്. നദിയുടെ വീതികുറഞ്ഞ ഭാഗങ്ങൾ ഭൂരിഭാഗവും ഒഴുകുന്നത് നിത്യഹരിത മഴക്കാടുകളിലൂടെയാണ്. ആമസോൺ നദിയുടെ നീളം ഏകദേശം 6400 കി.മീ. ആണ്. ഈ നദി ഉദ്ഭവിക്കുന്നത് പെറുവിലെ നെവാഡോ മിസ്മിയിൽ നിന്നാണ്. ബ്രസീലിൽവെച്ച് ആമസോൺ അറ്റ്ലാന്റിക് സമുദ്രത്തിൽ ചേരുന്നു.

തീർഥ ലക്ഷ്മി, ക്ലാസ് 6
ഭാരത് ഇംഗ്ലീഷ് മീഡിയം യു.പി. സ്കൂൾ
പൊയിനാച്ചി, കാസർകോട്

മാതൃഭൂമി ആകാശപ്പച്ച
2023 മാർച്ച്

കേരളം അറിയാൻ

മഴക്കാലം ചതിച്ചാൽ

ഒരു മഴക്കാലം ചതിച്ചാൽ വറ്റിവരളുന്ന നാടാണ് നമ്മുടെ കൊച്ചു കേരളം. ഓരോ വർഷവും ചൂട് കൂടിക്കൂടി വരുന്നു. ചൂട് നേരിടാൻ ജനങ്ങൾക്ക് ശരിയായ ബോധവത്കരണം നൽകണം. ഡീ ഹൈഡ്രേഷൻ ഒഴിവാക്കാൻ നാം ശ്രദ്ധിക്കണം. നേരിട്ട് വെയിലേറ്റ് ജോലിചെയ്യുന്ന ആൾക്കാർ സൂര്യതാപം ഏൽക്കാതെ മാറിനിൽക്കണം. ചെറിയ അസ്വസ്ഥത അനുഭവപ്പെട്ടാൽ വൈദ്യസഹായം തേടണം. വീടിനുള്ളിൽ എ.സി., ഫ്രിഡ്ജ് ഇവയുടെ ഉപയോഗം കുറച്ചാൽ ഹരിതഗൃഹവാതകങ്ങളുടെ അളവ് കുറയ്ക്കാൻ സാധിക്കും. മണ്ണും ജലവും ശുദ്ധമാക്കിയും മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമാർജനം ചെയ്തും നമ്മുടെ കേരളത്തെ നാം സംരക്ഷിക്കണം.

ലേഖ പി.സി.
സീഡ് കോഡിനേറ്റർ
പാവന്നൂർ എ.എൽ.പി. സ്കൂൾ
കണ്ണൂർ

ചിറകുള്ള ചങ്ങാതിമാർ

White cheeked Barbet

ചിന്നക്കുട്ടുറുവൻ

കാത് കൂർപ്പിച്ചുനോക്കൂ കുട്ടുറു...കുട്ടുറു... എന്ന സ്വരം കേൾക്കുന്നുണ്ടോ? കേരളത്തിലെ നാട്ടിൻപുറങ്ങളിൽ സാധാരണവും എന്നാൽ മനുഷ്യരെ കണ്ടാൽ വേഗം സ്ഥലംവിടുന്നതുമായ ഒരിനം പക്ഷിയാണ് ചിന്നക്കുട്ടുറുവൻ. നല്ല പച്ചനിറമുള്ളതുകൊണ്ട് പച്ചിലക്കുടുക്ക എന്ന പേരുമുണ്ട്. തൊടിയിൽ പേര, പപ്പായ തുടങ്ങിയവയുണ്ടെങ്കിൽ കുട്ടുറുവൻ ഒരു നിത്യസന്ദർശകനായിരിക്കും. ഈ പക്ഷികൾ പൊതുവേ മരം വിട്ട് നിലത്തിറങ്ങാറില്ല. നിലത്തിറങ്ങാനും നടക്കാനും പറ്റിയതല്ല ഇവയുടെ കാൽവിരലുകളുടെ ഘടന. പഴയതും ദ്രവിച്ചതുമായ മരങ്ങളിൽ പൊത്ത് തുരന്നാണ് ഇവ കൂടുണ്ടാക്കുക. പൊത്തിന്റെ അടിവശം കോൺ ആകൃതിയിലായിരിക്കും. പക്ഷിക്കുഞ്ഞുങ്ങളുടെ വിസർജ്യം വീഴുന്നതിനാണ് ഈ സംവിധാനം. പെൺപക്ഷിയും ആൺപക്ഷിയും മുട്ടകളെയും കുഞ്ഞുങ്ങളെയും നോക്കുന്നതിൽ തുല്യപങ്കാളിത്തം വഹിക്കുന്നു. ഒരുതവണ മൂന്നോ നാലോ കുഞ്ഞുങ്ങൾ കാണും.

ശ്രേയ വി.എസ്.
ക്ലാസ് 8 ബി
ജി.എച്ച്.എസ്. വാളവയൽ
വയനാട്

മാതൃഭൂമി ആകാശപ്പച്ച
2023 മാർച്ച്

ഈ ഫോട്ടോ കാണാം

അരവിന്ദ് (അധ്യാപകൻ)
വേമംഗലം എ.യു.പി. സ്കൂൾ
കോഴിക്കോട്

കൃഷിക്കാര്യം

ഇടവിള കൃഷി

പണ്ടുള്ള കർഷകർ കൃഷിക്കിടയിൽ ചെയ്തിരുന്ന പൊടിക്കൈയാണ് 'ഇടവിള കൃഷി' അഥവാ ഇന്റർ ക്രോപ്പ്. നമ്മൾ കൃഷിചെയ്യുന്ന തെങ്ങ്, വാഴ, തുടങ്ങിയ പ്രധാന വിളകൾക്കിടയിൽ അവയെ ബാധിക്കാത്തവിധം പെട്ടെന്ന് കായ്ക്കുന്ന ചെടികൾ വെച്ചുപിടിപ്പിക്കുന്ന രീതിയാണ് 'ഇടവിള കൃഷി'. കയ്പ, പാവൽ, ചേന, ചേമ്പ്, പയർ, തക്കാളി തുടങ്ങിയ ഹ്രസ്വകാല വിളകൾ കൃഷിചെയ്താൽ മണ്ണിന്റെ ഫലഭൂയിഷ്ഠത കൂടുകയും പ്രധാന വിളയിൽനിന്ന് കൂടുതൽ വിളവ് ലഭിക്കുകയും ചെയ്യും. കൂടാതെ, ഹ്രസ്വകാല വിളകളിൽനിന്നുള്ള വിളവ് നമുക്ക് ഉപയോഗിക്കുകയും ചെയ്യാം. ഈ രീതിക്ക് പയറുവർഗച്ചെടികളാണ് കൂടുതൽ ഉത്തമം.

ദിയ ടി., ക്ലാസ് 7
ജി.എച്ച്.എസ്.എസ്. കരുവാരക്കുണ്ട്
മലപ്പുറം

ഭൂമിയുടെ ധനം

പുഴകൾ - മലകൾ - പൂവനങ്ങൾ
ഭൂമിക്ക് കിട്ടിയ സ്ത്രീധനങ്ങൾ
സന്ധ്യകൾ മന്ദാരച്ചാമരം വീശുന്ന
ചന്ദനശീതള മണപ്പുറങ്ങൾ

നദി എന്ന ചിത്രത്തിനുവേണ്ടി വയലാർ രാമവർമ രചിച്ച "പുഴകൾ മലകൾ പൂവനങ്ങൾ..." എന്ന് തുടങ്ങുന്ന ഗാനം പ്രകൃതി വർണനകൊണ്ട് മികവുറ്റതാണ്. പുഴകളും മലകളും പൂവനങ്ങളും ഭൂമിക്ക് കിട്ടിയ സ്ത്രീധനമായിട്ടാണ് ഗാനത്തിൽ വർണിച്ചിട്ടുള്ളത്. സന്ധ്യാകൾ ചാമരം വീശി പുഴയുടെ മണൽത്തീരങ്ങൾ ചന്ദനശീതളമാക്കുന്നു. ഈ തീരങ്ങളിലാണ് ഇതിഹാസരൂപിയായിട്ടുള്ള ഈശ്വരൻ ആദ്യമായി ഇറങ്ങിവന്നത്. ഈ സുന്ദരതീരത്താണ് മനുഷ്യാഭിലാഷങ്ങളുടെ ആദ്യത്തെ ഇതൾ വിരിഞ്ഞത്. പ്രകൃതിയുടെ മനോഹാരിതയിൽ ചാലിച്ചെഴുതിയ ഈ വരികളിലൂടെ പുഴയെ അതിമനോഹരമായി വർണിക്കുന്നു.

ഗാനരചന: വയലാർ രാമവർമ്മ
സംഗീതം: ദേവരാജൻ
ഗായകൻ: യേശുദാസ്

മാതൃഭൂമി ആകാശപ്പച്ച
2023 മാർച്ച്

ആദിത്യൻ പി.പി., ക്ലാസ് 7 എ
മങ്കര വെസ്റ്റ് ബേസിക് ആൻഡ്
യു.പി. സ്കൂൾ, പാലക്കാട്

ഇത് അതിശയം തന്നെ

തണ്ടിൽ വെള്ളമുള്ള പുല്ലാഞ്ഞി

ദക്ഷിണേന്ത്യയിലെ ഇലപൊഴിയുംകാടുകളിൽ വളരുന്ന ദുർബല കാണ്ഡമുള്ള വള്ളിച്ചെടിയാണ് പുല്ലാഞ്ഞി. കേരളത്തിലെ നാട്ടിൻപുറങ്ങളിലും കാവുകളിലും ധാരാളമായി കണ്ടുവരുന്നു. ഇതിന്റെ തണ്ടിൽ ധാരാളം ജലം സംഭരിച്ചു വെച്ചിരിക്കും. അതുകൊണ്ടു തന്നെ കാട്ടിൽ പോകുന്നവർ ജലത്തിനായി ഈ ചെടിയെ ആശ്രയിക്കാറുണ്ട്. വേനൽക്കാലത്ത് ഈ ചെടിയുടെ കാണ്ഡം മുറിച്ച് വെള്ളം കുടിക്കാറുണ്ട്. ഉണങ്ങിയ പുഷ്പങ്ങൾ കാറ്റിൽ പറന്നാണ് വിത്തുവിതരണം നടക്കുന്നത്. പുല്ലാഞ്ഞിയുടെ ശാസ്ത്രനാമം ഗെറ്റോണിയ ഫ്ളോറിബുൻഡ (Getonia floribunda) എന്നാണ്.

Illustration: Govind K.

അനന്തു പ്രദോഷ്, ക്ലാസ് 7
ഇ.കെ.എം.യു.പി.എസ്. വാണിയമ്പാറ
തൃശ്ശൂർ

തെറ്റ് ശരി

കട്ടിലിൽ ഇരുന്ന് കാൽ ആട്ടരുത്

കട്ടിലിൽ ഇരുന്ന് കാൽ ആട്ടരുത് എന്ന് പഴമക്കാർ പറയുമല്ലോ. ഇതിന്റെ കാരണമെന്തെന്നറിയാമോ? പണ്ടുകാലത്ത് എല്ലാവരും ധാരാളമായി വെറ്റില മുറുക്കിയിരുന്നു. തുപ്പൽ കോളാമ്പിയും ഉപയോഗിച്ചിരുന്നു. അന്ന് അത് സൂക്ഷിച്ചിരുന്നതാകട്ടെ കട്ടിലിനടിയിലും. കാൽ ആട്ടുമ്പോൾ കോളാമ്പി തട്ടിമറിഞ്ഞ് തുപ്പൽ താഴെയാവും. അതിനാലാവണം കട്ടിലിലിരുന്ന് കാൽ ആട്ടരുത് എന്ന് പറഞ്ഞിരുന്നത്.

മാതൃഭൂമി ആകാശവെച്ച
2023 മാർച്ച്

രോഹിത്ത് രാജ് , ക്ലാസ് 8
എ , ജി.എച്ച്.എസ്. വാളവയൽ
വയനാട്

കാലാവസ്ഥാ വ്യതിയാനം

പരിസ്ഥിതിവിഷയങ്ങളിൽ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട വിഷയമാണ് കാലാവസ്ഥാ വ്യതിയാനം. എന്താണ് കാലാവസ്ഥാ വ്യതിയാനം? നിശ്ചിത കാലയളവിൽ നമുക്ക് നിശ്ചിത കാലാവസ്ഥയാണ് ഉണ്ടാകാറുള്ളത്. എന്നാൽ കാലയളവിലും താപനിലയിലും ഉണ്ടാകുന്ന വലിയതോതിലുള്ള ഏറ്റക്കുറച്ചിലുകളാണ് കാലാവസ്ഥാ വ്യതിയാനം. മുഖ്യമായും കൽക്കരി, വാതകങ്ങൾ, എണ്ണ, തുടങ്ങിയ ജൈവ ഇന്ധനങ്ങൾ കത്തിക്കുന്നതിലൂടെയാണ് വ്യതിയാനം സംഭവിക്കുക. ഈ ജൈവ ഇന്ധനങ്ങൾ കത്തിക്കൽ ഹരിതഗൃഹവാതകങ്ങളുടെ ആധിക്യം ഉണ്ടാക്കുകയും അതിലൂടെ അധികമായ താപനിലമാറ്റം ഉണ്ടാവുകയും ആഗോളതാപനത്തിന് ഇടയാക്കുകയും ചെയ്യുന്നു. ആഗോളതാപനം ഉണ്ടാക്കുന്ന കാർബൺ ഡയോക്സൈഡ് തുടങ്ങിയ വാതകങ്ങൾ, വാഹനങ്ങളുടെ പുക, മരങ്ങൾ ഇല്ലാതാകൽ, പ്ലാസ്റ്റിക് കത്തിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കാലാവസ്ഥാമാറ്റങ്ങൾ അമിതമാകാം. കാലാവസ്ഥാ വ്യതിയാനം ജലക്ഷാമം, ഭൂകമ്പങ്ങൾ, ആവാസവ്യവസ്ഥയുടെ തകരാറ്, തീപ്പിടിത്തം, ധ്രുവീയ മഞ്ഞ് ഉരുകൽ, തുടങ്ങിയ മറ്റ് പാരിസ്ഥിതികപ്രശ്നങ്ങൾക്കും കാരണമായേക്കാം.നമ്മുടെ ഓരോ അനിയന്ത്രിതമായ പ്രവർത്തനങ്ങൾക്കും ഇതിൽ പങ്കുണ്ട് എന്നോർക്കണം.

ഫർസാന നസ്രിൽ, ക്ലാസ് 12 എ
അറവുകാട് ഹയർ സെക്കൻഡറി സ്കൂൾ
പുന്നപ്ര, ആലപ്പുഴ

ഗന്ധരാജൻ

നമ്മുടെ നാട്ടിൽ പഴയകാലത്ത് ധാരാളം കണ്ടുവന്നിരുന്നതും എന്നാൽ ഇപ്പോൾ അന്യംനിന്നുപോകുന്നതുമായ ഒരു ചെടിയാണ് ഗന്ധരാജൻ. ഗന്ധരാജൻ എന്ന പേരിൽതന്നെയുണ്ട് ഈ പൂവിന്റെ പ്രത്യേകത. ഗന്ധത്തിന്റെ രാജൻ അല്ലെങ്കിൽസുഗന്ധത്തിന്റെ രാജാവ്. ഇതിന്റെ ഇലകൾക്ക് നല്ല പച്ച നിറവും നല്ല തിളക്കവുമാണ്. പരമ്പരാഗതമായ ചൈനീസ് മെഡിസിനിൽ വിഷാദം, ഉത്കണ്ഠ, അസ്വസ്ഥത എന്നിവയുൾപ്പെടുന്ന മാനസികരോഗങ്ങൾ ചികിത്സിക്കുന്നതിനായി അരോമ തെറാപ്പിയിൽ ഗന്ധരാജനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആന്റി ഓക്സിഡന്റായും രോഗ്രപതിരോധശേഷി വർധിപ്പിക്കുന്നതിനും ഗന്ധരാജൻ ഉപയോഗിക്കാം. വിദേശരാജ്യങ്ങളിൽ ഈ ചെടി പലവിധ രോഗങ്ങൾക്ക് ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്നു. ഇത്രയേറെ ഔഷധപ്രാധാന്യമുള്ള ഗന്ധരാജനെ വീണ്ടും നമ്മുടെ തൊടിയിൽ കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്.

ഗോപിക സന്തോഷ്
ക്ലാസ് ൭
ജി.എച്ച്.എസ്. നാരങ്ങാനം.
പത്തനംതിട്ട

നേരം

നേരം പുലരും നേരം
കാറ്റിൻകുളിരേകി പാടും മരച്ചില്ലയിൽ
ഒരു പച്ച തത്തമ്മ കൂടുകൂട്ടി.
മൃഗങ്ങളെല്ലാരും
വേനൽ ചൂടാൽ വിയർക്കുമ്പോൾ
ഇടവപ്പാതിയെ വരവേൽക്കാൻ
കൊതിക്കയാണെല്ലാരും.
തന്റെ ഇലകൾ
തിന്ന പുഴുവിനോട് കലമ്പുകയാണ്
ഒരു തേൻമാവ്.
മുത്തശ്ശിക്കഥ കേട്ട് ഉറങ്ങും
മുയലിൻ നീളൻ ചെവിയിലൊരു പൂമ്പാറ്റ,
സന്ധ്യാ നേരത്തന്തിയുറങ്ങാൻ
അണയുകയാണവൻ
പ്രകൃതിതൻ മടിത്തട്ടിൽ.

ശ്രേയ സുനിൽ
ക്ലാസ് 6 എഫ്
ശ്രീനാരായണ പബ്ലിക് സ്കൂൾ
വടക്കേവിള, കൊല്ലം.

വർണച്ചിറക് | കഥ

സ്നേഹത്തിന്റെ ചിറകുകൾ

പണ്ട് അമ്പിളി എന്നൊരു പെൺകുട്ടിയുണ്ടായിരുന്നു. എല്ലാവരെയും സഹായിക്കാൻ വലിയ ഇഷ്ടമായിരുന്നു അവൾക്ക്. ഒരുദിവസം തെരുവിലൂടെ നടക്കുമ്പോൾ, അമ്പിളി വർണച്ചിറകുകളുള്ള ഒരു ചിത്രശലഭത്തെ കണ്ടു. അവൾ ചിത്രശലഭത്തെ പിന്തുടർന്ന് അടുത്തുള്ള പുൽമേട്ടിലേക്ക് പോയി, ഒടുവിൽ ചിത്രശലഭം ഒരു പൂവിൽ ഇരുന്നു. അപ്പോഴാണ് പൂമ്പാറ്റയുടെ ചിറകുകൾ അടർന്നുവീഴാൻതുടങ്ങിയത് അമ്പിളി ശ്രദ്ധിച്ചത്! വല്ലാതെ സങ്കടം തോന്നിയ അവൾ ചിത്രശലഭത്തെ സഹായിക്കാൻ തീരുമാനിച്ചു.

അമ്പിളി കുറച്ച് വർണാഭമായ തുണിക്കഷണങ്ങൾ കണ്ടെത്തി അവ ശ്രദ്ധാപൂർവം തുന്നിച്ചേർത്ത് ചിത്രശലഭത്തിന്റെതുപോലെ ചിറകുകൾ ഉണ്ടാക്കി. അവൾ പതിയേ ആ ചിറകുകൾ പൂമ്പാറ്റയുടെ മുതുകിൽ വെച്ചിട്ട് എന്ത് സംഭവിക്കുമെന്ന് കാത്തിരുന്നു.

അവളെ അദ്ഭുതപ്പെടുത്തി, ചിത്രശലഭം ചിറകടിച്ചുതുടങ്ങി! അത് സന്തോഷത്തോടെ പുൽമേടിന് ചുറ്റും പറന്നു. അത് കണ്ടപ്പോൾ അമ്പിളിക്ക് വളരെയധികം സന്തോഷം തോന്നി. സ്നേഹത്തിന്റെയും ദയയുടെയും ശക്തികൊണ്ടാണ് പൂമ്പാറ്റയ്ക്ക് പറക്കാൻകഴിഞ്ഞതെന്ന് അവൾ വിശ്വസിച്ചു.

നെഹാന എൻ.
ക്ലാസ് 7 എ
എ.വി.എച്ച്.എസ്.എസ്. കുറിച്ചി
കോട്ടയം

ഒരിക്കൽ നട്ടുവളർത്തുന്ന മരം
ഒരു നൂറുകൊല്ലത്തേക്കുള്ള
ശ്വാസകോശമാണ്;
ഒരിക്കൽ വെട്ടുന്ന മരം
എല്ലാവരുടെയും മരണവും

ആകാശപ്പച്ചയിലേക്കുള്ള
രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH
FEDERAL BANK

മാതൃഭൂമി
ആകാശപ്പച്ച

Published by Mathrubhumi Seed